**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3494** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ താളപ്പിഴകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അടുത്തകാലത്തായി കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ താളപ്പിഴകളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അടുത്തിടെ കേരളത്തിലെ ഏതെല്ലാം സർവ്വകലാശാലകളിലെ ഏതെല്ലാം പരീക്ഷകളുടെയാണ് മുൻവർഷത്തെ ചോദ്യപേപ്പർ അതുപോലെ ആവർത്തിച്ചത്; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ളത്; | (ബി) | **കണ്ണൂർ സർവ്വകലാശാല**<br><br>കണ്ണൂർ സർവ്വകലാശായുടെ അഫിലിയേ റ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി (2019 സിലബസ്-നവംബർ 2021 സെഷൻ) പരീക്ഷ യുടെ 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES, 3C03PSY : NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പ്രസ്തുത കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്.<br><br>**കേരള സർവ്വകലാശാല**<br><br>കേരള സർവ്വകലാശാല 2022 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ BA (CBCSS & CR) ഇംഗ്ലീഷ് പരീക്ഷയിലെ 'Methodology &Perspectives of Humanities' എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ ആവർത്തിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷ ഉടൻ തന്നെ ക്യാൻസൽ ചെയ്യുകയും പുനഃ പരീക്ഷ വേഗത്തിൽ നടത്തുകയും ചെയ്തു. കൂടാതെ ചോദ്യപേപ്പർ സെറ്റ് ചെയ്ത അദ്ധ്യാപകനെ സ്ഥിരമായി സർവ്വകലാശാലയുടെ ചോദ്യപേപ്പർ സെറ്റിങ്ങ് ജോലിയിൽ നിന്നും ഡീബാർ ചെയ്യുകയും അദ്ധ്യാപകനിൽ നിന്നും പുനഃ പരീക്ഷ നടത്തിയതിൽ ചെലവായ 55,000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **കാലിക്കറ്റ് സർവ്വകലാശാല.**<br><br>04.03.2022 ന് നടന്ന ഏപ്രിൽ 2021 രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (CBCSS 2019 Admn)കോമൺ കോഴ്സ് ഇംഗ്ലീഷ് ENG2A03 Writing for Academic and Professional Success (QP Code -C 4332) പരീക്ഷയുടെ ചോദ്യ പേപ്പർ ആവർത്തിച്ചിട്ടുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകരിൽ നിന്നും വിശദീകരണം തേടുന്നതിനും ടി ചോദ്യ പേപ്പർ തയ്യാറാ ക്കിയ അധ്യാപകനെ ചോദ്യപേപ്പർ തയ്യാറാക്കുന്ന അധ്യാപകരുടെ പാനലിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചി ട്ടുണ്ട്. |
| (സി) | കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 ബാച്ചിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ബി.എ/ബി.കോം/ബി.എസ്.സി പരീക്ഷകളുടെ എത്ര ഉത്തരക്കടലാസുകളാണ് നഷ്ടപെട്ടിട്ടുള്ളത്; ഉത്തരക്കടലാസ് നഷ്ടപ്പെടാൻ കാരണക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ? ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | 122 ഉത്തരക്കടലാസുകളാണ് നഷ്ടപെട്ടി ട്ടുള്ളത്. പ്രസ്തുത വിഷയം അന്വേഷി ക്കുന്നതിന് സിണ്ടിക്കേറ്റ് അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മിറ്റി അന്വേഷണം നടത്തി വരികയാണ്. |
| (ഡി) | ഉത്തരക്കടലാസുകൾ നഷ്ടപെട്ട വിദ്യാർത്ഥികളുടെ പുനഃപരീക്ഷ നടന്നിട്ടുണ്ടോ; പുനഃപരീക്ഷയുടെ ഫലം വിദ്യാർത്ഥികളുടെ തുടർ പഠനം തടസ്സപ്പെടാത്ത രീതിയിൽ പ്രസിദ്ധീകരിക്കാൻ സാധിക്കുമോ? | (ഡി) | ഉത്തരക്കടലാസുകൾ നഷ്ടപെട്ട വിദ്യാർ ത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തിയതികളിൽ പുനഃപരീക്ഷ നടത്തി യിട്ടുണ്ട്. ഫല പ്രഖ്യാപനം തുടർ പഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ